(ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഐ.ടി. വകുപ്പിന്റെ കീഴിൽ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്ററിന്റെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ടെക്നോളജി ഇന്നവേഷൻ സോണിനു രൂപം നൽകുന്നത്. പുതിയ ഇൻക്യൂബേറ്ററുകൾ സ്ഥാപിക്കുക അതിലൂടെ ഐ.ടി.-ഐ.ടി. ഇതര മേഖലകളിൽ സ്വകാര്യ കമ്പനികളെ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശലക്ഷ്യം.

(ബി) കൊച്ചിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ഇന്നൊവേഷൻ സോണിനായി 1.25 ലക്ഷം സ്ക്വയർ ഫീറ്റിൽ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കെട്ടിടം പകുതിയോളം പൂർത്തിയായിക്കഴിഞ്ഞു.

(സി) മേൽപ്പറഞ്ഞ പരിപാടികളെല്ലാം തന്നെ ടെക്നോപാർക്ക് ടി.ബി.ഐ.-യുടെ നേതൃത്വത്തിലാണ് നടന്നു വരുന്നത്.

**സഹകരണ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ**

261 (610) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പത്ത് കശുവണ്ടി ഫാക്ടറികൾ പഴയ ഉടമകൾക്ക് വിട്ടുകൊടുക്കാൻ സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ടോ ; ഇവ സഹകരണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കേസുകൾ നടത്തുന്ന കാര്യത്തിലുണ്ടായ അലംഭാവമാണ് ഇത്തരത്തിൽ ഒരു വിധി ഉണ്ടാകാൻ കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാപെക്സിന്റെ അധീനതയിൽ പ്രവർത്തിച്ചു വരുന്ന പത്ത് ഫാക്ടറികളും ഉടമകൾക്ക് വിട്ടു കൊടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൻമേൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയത്തിൽ പുതിയ നിയമ നിർമ്മാണത്തിന് സാധ്യതയുണ്ടോ എന്നു പരിശോധിക്കുവാൻ നിയമ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കേസുകൾ നടത്തുന്ന കാര്യത്തിലുണ്ടായ വീഴ്ചയല്ല, ഭരണഘടനാപരമായ സാധുതയാണ് ചോദ്യം ചെയ്യപ്പെട്ടതും ആയതനുസരിച്ചാണ് വിധിയുണ്ടായതും.

**വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പണം**

262 (611) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽനിന്നും കേരളത്തിലെത്തുന്ന പണം സംസ്ഥാനത്തിന്റെ വ്യവസായവികസനത്തിനായി ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്തുന്നു ; വ്യക്തമാക്കുമോ ;

(ബി) അപ്രകാരം നിക്ഷേപം നടത്തുവാൻ തയ്യാറായി വന്നിട്ടുള്ളവരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഈ വിഭാഗത്തിൽ നിലവിൽ ഏതെല്ലാം പദ്ധതികൾ ആണ് വിജയകരമായി നടപ്പിലാക്കി വരുന്നത് ; വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി**

263 (612) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട് ;